# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **-1396** — **13.12.2012** ൽ മറുപടിക്ക്

**കാവിൽ - തീക്കുനി - കുറ്റ്യാടി റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ. ലതിക | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കാവിൽ- തീക്കുനി- കുറ്റ്യാടി റോഡ് എത്ര കിലോമീറ്റർ ദൂരം മെക്കാഡം ചെയ്യുന്നതിനാണ് ഇപ്പോൾ ഉത്തരവായിരിക്കുന്നത് ; വ്യക്തമാക്കുമോ ; | (എ) കാവിൽ- തീക്കുനി- കുറ്റ്യാടി റോഡ് കി.മീ.**1/170** മുതൽ **3/000** വരെ (**1.830** കി.മീ) മെക്കാഡം ചെയ്യുന്നതിന് **03/11/2012** ലെ ജി.ഒ(ആർ.ടി) **1856/2012/** പി.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത റോഡിലെ ബാക്കി ദൂരം മെക്കാഡം ചെയ്യുന്നതിന് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ ; ആയത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ ;<br>(സി) ഈ പ്രൊപ്പോസൽ ഭരണാമതിക്കായുള്ള കമ്മിറ്റി പരിഗണിച്ചിരുന്നുവോ;<br>(ഡി) ഈ പ്രൊപ്പോസലിന് ഭരണാമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) (സി) & (ഡി) പ്രസ്തുത റോഡിന്റെ കി.മീ. 3/000 മുതൽ 13/250 വരെയും, കി.മീ 14/000 മുതൽ 18/225 വരെയുമുള്ള മെക്കാഡം പ്രവൃത്തിക്കായി 2200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എൻജിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ഭരണാനുമതിക്കായുള്ള കമ്മിറ്റി പരിഗണിച്ചിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ആയതിന് ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. ആവശ്യമായ ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നകാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ